പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 404 11.06.2013 -ൽ മറുപടിക്ക്

<u>ഉപയോഗശൂന്യമായ കെ.എസ്.ആർ.ടി.സി. സ്പെയർ പാർട്സ്</u>

ചോദ്യം

ശ്രീ. ചിറ്റയം ഗോപകുമാർ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ സെൻട്രൽ സ്റ്റോറിൽ സ്റ്റോക്ക് ചെയ്തിരിക്കുന്ന സ്പെയർ പാർട്സിന്റെ ആകെയുള്ള വിലവിവരം ലഭ്യമാക്കുമോ; | (എ) | 5,54,40,039/- രൂപ. |
| (ബി) | പ്രസ്തുത സ്പെയർ പാർട്സിൽ ഉപയോഗശൂന്യമായത് എത്ര തുകയ്ക്കുള്ളതെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | പ്രഥമ പരിശോധനയിൽ ഉപയോഗശൂന്യമായ 75,51,760/- രൂപയ്ക്കുള്ള സ്പെയർ പാർട്സുകൾ ഉണ്ട്. |
| (സി) | ഉപയോഗമില്ലാത്തവ യഥാസമയം ലേലം ചെയ്ത് കൊടുക്കുന്നതിന് വേണ്ടി തിട്ടപ്പെടുത്തുവാനും അവ ലേലം ചെയ്യുവാനും നിലവിൽ വ്യവസ്ഥയുണ്ടോ; | (സി) | വ്യവസ്ഥയുണ്ട്. |
| (ഡി) | എങ്കിൽ പ്രസ്തുത വ്യവസ്ഥാനുസരണം യഥാസമയം ഇത്തരം നടപടി ക്രമങ്ങൾ പാലിച്ചിട്ടുണ്ടോ; | (ഡി) | നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | യഥാസമയം ഇത്തരം നടപടി ക്രമങ്ങൾ പാലിക്കാത്തതിനാൽ സ്റ്റോറിൽ സ്പെയർ പാർട്സ് ഉപയോഗശൂന്യമായി പോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | ഇല്ല. |
| (എഫ്) | എങ്കിൽ ആയതിന്മേൽ എന്തെല്ലാം നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ? | (എഫ്) | മെറ്റൽ സ്ക്രാപ്പ് ട്രേഡിംഗ് കോർപ്പറേഷൻ (എം.എസ്.ടി.സി) എന്ന കേന്ദ്രപൊതുമേഖലാ സ്ഥാപനം മുഖേന ഉപയോഗമില്ലാത്ത സ്പെയർ പാർട്സുകൾ ഇ-ഓക്ഷൻ വഴി ലേലം ചെയ്തു വിൽക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ